## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1462

22.03.2013 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷപ്രൊമോട്ടർമാരുടെ പ്രവർത്തനങ്ങൾ

**ചോദ്യം**
ശ്രീ. എം.പി. വിൻസെന്റ്
,, എ.റ്റി. ജോർജ്
,, ഷാഫി പറമ്പിൽ
,, ആർ. സെൽവരാജ്

**ഉത്തരം**
ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എസ്.സി/എസ്.ടി പ്രൊമോട്ടർമാരെ നിയമിക്കുന്ന മാതൃകയിൽ ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രൊമോട്ടർമാരെ നിയമിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | കേന്ദ്ര - സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പുകളുടെ വിവിധ പ്രവർത്തനങ്ങളും പദ്ധതികളും ന്യൂനപക്ഷ ജന വിഭാഗങ്ങൾക്കിടയിൽ എത്തിക്കുകയും, ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക. |
| (സി) | പ്രസ്തുത പ്രൊമോട്ടർമാരുടെ പ്രവർത്തനങ്ങളും ചുമതലകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (സി) | ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും സ്വരൂപിക്കുകയും അവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അവർക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സഹായകമായ പങ്ക് (Role) വഹിക്കുകയും ചെയ്യുക എന്ന കർത്തവ്യമാണ് പ്രമോട്ടർമാർ നിർവ്വഹിക്കേണ്ടത്. ഓരോ പ്രൊമോട്ടറും തങ്ങളുടെ പ്രവർത്തന മേഖലയിലുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് ഒരു രജിസ്റ്ററിലാക്കി സൂക്ഷിക്കേണ്ടതും ഈ രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് ജില്ലാ ന്യൂനപക്ഷക്ഷേമ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ,<br>1. ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ വീടുകൾ സന്ദർശിച്ച് കൂട്ടായ്മകൾ രൂപീകരിക്കുകയും, ന്യൂനപക്ഷക്ഷേമ വകുപ്പ്, ത്രിതല പഞ്ചായത്തുകൾ, ഇതര ഏജൻസികൾ എന്നിവ ന്യൂനപക്ഷ വിഭാഗങ്ങൾക്കു വേണ്ടി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വ്യക്തമായ അവബോധം അവരിൽ സൃഷ്ടിക്കുക.<br>2. വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്ക് അർഹരായ മുഴുവൻ ന്യൂനപക്ഷവിഭാഗക്കാർക്കും അവ ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുകയും ലഭ്യമാകാത്തവർക്ക് ആയത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുക. |

3. ന്യൂനപക്ഷ വിഭാഗക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ശരിയായി വിനിയോഗിക്കാൻ അവരെ പ്രേരിപ്പിക്കുകയും ദുർവിനിയോഗം കണ്ടെത്തുന്ന പക്ഷം അക്കാര്യം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി തടയുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുക.
4. വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും അവ യഥാസമയം സമർപ്പിക്കുന്നതിനും ആവശ്യമായ സഹായം ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ചെയ്തു കൊടുക്കുക.
5. ജാതി സർട്ടിഫിക്കറ്റ്/ വരുമാന സർട്ടിഫിക്കറ്റ്/ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് യഥാസമയം ലഭിക്കുന്നതിനായി വേണ്ട സഹായം ചെയ്തു കൊടുക്കുക.
6. റേഷൻ കാർഡ് / എൻ.പി.ആർ/യു.ഐ.ഡി/ വോട്ടേഴ്സ് ഐ.ഡി കാർഡ്, ആധാർ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
7. ജില്ലാ ന്യൂനപക്ഷക്ഷേമ ആഫീസറുടെയോ, ബന്ധപ്പെട്ട ഓഫീസറുടെയോ നിർദ്ദേശാനുസരണം അവരുമായി ആലോചിച്ച് ന്യൂനപക്ഷ സംഗമം വിളിച്ചു കൂട്ടുക, സംഗമത്തിന്റെ നോട്ടീസ് ഓരോ ന്യൂനപക്ഷ ഭവനങ്ങളിലും യഥാസമയം എത്തിച്ചുകൊടുക്കുക, മുഴുവൻ ന്യൂനപക്ഷ വിഭാഗങ്ങളേയും സംഗമത്തിൽ പങ്കെടുക്കുവാൻ പ്രേരിപ്പിക്കുക, അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക, കാലിക പ്രാധാന്യമുള്ള വിഷയങ്ങളും വികസന പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന് ന്യൂനപക്ഷ വിഭാഗങ്ങളെ സജ്ജരാക്കുക, ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമവികസന ആവശ്യങ്ങൾ സംഗമത്തിൽ ചർച്ച ചെയ്തു എന്ന് ഉറപ്പു വരുത്തുക. മുഴുവൻ ന്യൂനപക്ഷങ്ങളേയും ഗ്രാമസഭയിൽ പങ്കെടുപ്പിക്കുക.

എന്നിവയാണ് പ്രമോട്ടർമാരുടെ പ്രധാന ചുമതലകൾ.

| | | |
|---|---|---|
| (ഡി) പ്രസ്തുത പ്രൊമോട്ടർമാർ മുഖേന എന്തെല്ലാം ക്ഷേമപദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; (ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | (ഡി) യും (ഇ) യും | ക്ഷേമ പദ്ധതികൾ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് വഴിയാണ് നടപ്പിലാക്കുക. ന്യൂനപക്ഷ പ്രമോട്ടർമാരുടെ നിയമന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ പരിശീലനം നൽകി ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ പ്രചരണത്തിനും വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളിലും പ്രമോട്ടർമാരെ ഉപയുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ